

# തരിശുനില കൃഷി വ്യാപകമാക്കാൻ

കുടുംബശ്രീയുടെ കീഴിൽ എഴുപതിനായിരത്തിലധികം വനിതാ കൃഷിസംഘങ്ങൾ (ജെഎൽജി- ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്) ഉള്ളതിനെക്കുറിച്ചും ഇവരുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചുമൊക്കെ മുൻ ലേഖനങ്ങളിൽ വ്യക്തമാക്കിയിരുന്നുവല്ലോ. കോവിഡ് - 19ന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിക്കാനും തരിശുഭൂമിയിൽ കൃഷി ചെയ്തുകൊണ്ട് നാടിനെ കാർഷിക രംഗത്ത് സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുവാനും കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കാർഷിക മേഖലയ്ക്ക് വേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ കുടുംബശ്രീയുടെ കൃഷി സംഘങ്ങൾ മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തരിശുഭൂമി ഏറ്റെടുത്തുകൊണ്ട് കൃഷി ചെയ്ത് കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിപ്പിക്കുവാൻ ഞങ്ങളുടെ കൃഷിസംഘങ്ങൾ ശ്രമിക്കുകയാണ്. 2017-18ൽ 3500 ഏക്കർ തരിശുഭൂമിയിലും 2018-19 ൽ 6000 ഏക്കർ തരിശുഭൂമിയിലും ഞങ്ങളുടെ കൃഷിസംഘങ്ങൾ കൃഷി ആരംഭിച്ചു. ഇത്രയും തരിശ് സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്തിട്ടും തദ്ദേശസ്ഥാപന തലത്തിൽ ഒട്ടേറെ ഭൂമി

ഇനിയും തരിശായി കിടപ്പുണ്ട്. ഇതിനൊരു മാറ്റം വരുത്താനാണ് കുടുംബശ്രീയുടെ കാർഷിക ഉപജീവന പദ്ധതിപ്രകാരം ഞങ്ങൾ ലക്ഷ്യമിടുന്നത്.

നിലവിൽ 70000ത്തോളം കൃഷിസംഘങ്ങളിലായി മൂന്നേകാൽ ലക്ഷത്തോളം അംഗങ്ങളാണുള്ളത്. ഭക്ഷ്യ സുരക്ഷക്കായി കൂടുതൽ ജെഎൽജികൾ രൂപീകരിക്കുന്നതിന്

ഒരു ക്യാമ്പയ്ൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും കൃഷി വകുപ്പുമായും തൊഴിലുറപ്പ് പദ്ധതിയുമായും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏവരുമായും ചേർന്നുകൊണ്ട് പ്രാദേശിക തലത്തിൽ തരിശുസ്ഥലങ്ങൾ കണ്ടെത്താനും അവ കുടുംബശ്രീ കൃഷിസംഘങ്ങൾ വഴി ഏറ്റെടുക്കാനുമുള്ള സംയോജനങ്ങൾ നടത്താനും ലക്ഷ്യമിടുന്നു. ഇത്തരത്തിൽ മേയ് മാസം മുതൽ ആരംഭിക്കുന്ന കുടുംബശ്രീയുടെ സമൃദ്ധി എന്ന ഈ ക്യാമ്പയ്നിലൂടെ സാധാരണ കുടുംബങ്ങൾക്ക് ഒരു ഉപജീവന മാർഗ്ഗം കണ്ടെത്തിക്കൊടുക്കാനും കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഒരു പ്രധാന പങ്കുവഹിക്കാനും കൂടുതൽ പേരെ കൃഷിയിലേക്ക് കൈപിടിച്ചുകൊണ്ടുവന്ന് ഒരു പുതിയ കാർഷിക സംസ്ക്കാരം രൂപപ്പെടുത്താൻ കഴിയുമെന്നും വിശ്വസിക്കട്ടെ.